**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 668** **24-08-2022 - ൽ മറുപടിയ്ക്ക്**

**ആര്യനാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആര്യനാട് ഗ്രാമപഞ്ചായത്തിലെ ചില വാർഡുകളിൽ താമസിക്കുന്ന കെ.എസ്.ഇ.ബി. ഉണഭോക്താക്കൾ വിവിധ ആവശ്യങ്ങൾക്കായി നിലവിൽ സമീപ ഗ്രാമപഞ്ചായത്തുകളിലുള്ള സബ് എഞ്ചിനീയർ ഓഫീസുകളിലാണ് പോകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളെയും ആര്യനാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | (എ) | ആര്യനാട് സെക്ഷൻ ഓഫീസ് സ്ഥിതി ചെയ്യുന്നത് ആര്യനാട് പഞ്ചായത്തിലാണ്. സമീപ പഞ്ചായത്തായ കുറ്റിച്ചലിൽ സ്ഥിതി ചെയ്യുന്ന ഓവർസീയർ ഓഫീസിൽ ആഴ്ചയിൽ രണ്ടു ദിവസം പണം സ്വീകരിക്കുകയും മറ്റുള്ള പ്രവർത്തനങ്ങൾ (കൺസ്യൂമറുടെ പരാതികൾ പരിഹരിക്കുന്നത് ഉൾപ്പെടെ) നടത്തുകയും ചെയ്യുന്നുണ്ട്. കുറ്റിച്ചൽ ഭാഗത്തുള്ളവർ കുറ്റിച്ചൽ ഓവർസീയർ ഓഫീസിലും മറ്റുള്ളവർ ആര്യനാട് സെക്ഷൻ ഓഫീസിലുമായി അവരുടെ വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റി വരുന്നു. നിലവിൽ കെ.എസ്.ഇ. ബി.എൽ-ൽ വാതിൽപ്പടി സേവനം വഴി എല്ലാത്തരം കൺസ്യൂമർ ആവശ്യങ്ങളും നടപ്പിലാക്കി വരുന്നു. എല്ലാവിധ കൺസ്യൂമർ സേവനങ്ങളും ഓൺലൈൻ വഴിയും പരാതികൾ 1912 എന്ന ടോൾഫ്രീ നമ്പർ വഴിയും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ